കൂടുതൽ ബോദ്ധ്യമാക്കുന്നതിനുവേണ്ടി പത്രങ്ങളിലും മാസികകളിലും പരസ്യങ്ങൾ കൊടുക്കുകയും മലയാളി അസോസിയേഷനുകളുമായി ബന്ധപ്പെടുകയും ചെയ്യുന്നുണ്ട്. കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ചില സ്ഥലങ്ങളിൽ കിൻഫ്രയുടെ പദ്ധതികളെപ്പറ്റിയുള്ള പ്രസന്റേഷനുകളും വിദേശ മലയാളികൾക്കു മാത്രമായി നടത്തിയിട്ടുണ്ട്.

(സി)&(ഡി) ഉണ്ട്. ഇറ്റലി ആസ്ഥാനമാക്കിയിട്ടുള്ള ശ്രീ. വിവേക് ജേക്കബും (കരാരെ മുതലായ) യു.എ.ഇ. ആസ്ഥാനമാക്കിയിട്ടുള്ള ശ്രീ. യൂസഫലിയും (എം.കെ.ഗ്രൂപ്പ്) കിൻഫ്രയുടെ പാർക്കുകളിൽ വ്യവസായങ്ങൾ ആരംഭിക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ട് ഇതിനകം വന്നിട്ടുണ്ട്.

ടെക്നോപാർക്കിൽ ഇതുവരെയായി 8 വിദേശ മലയാളികളുടെ കമ്പനികൾ വന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അവ താഴെ പറയുന്നവയാണ്.

(1) സാംസ്റ്റർ ഇൻഫർമേഷൻ ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ് (യു.എസ്)

(2) ഡാറ്റാ വെയർ ഡിസൈൻസ് ലാബ്സ് പ്രൈവറ്റ് ലിമിറ്റഡ് (യു.എസ്)

(3) ഗാസ്കോ സോഫ്റ്റ് വെയർ ആന്റ് സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് (ദുബായ്).

(4) ഇന്റർനാഷണൽ ബിസിനസ് സർവ്വീസസ് ഗ്രൂപ്പ് (ദുബായ്)

(5) നെറ്റ്വർക്ക് സിസ്റ്റംസ് ആന്റ് ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ് (യു.എസ്)

(6) സൃഷ്ടി ഓപ്പൺ സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് (ജർമ്മനി)

(7) ബ്രൈറ്റെക്സ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് (ജപ്പാൻ)

(8) ഇൻഡ് സോഫ്റ്റ് ഇൻഫോടെക് പ്രൈവറ്റ് ലിമിറ്റഡ്.

കെ.എസ്.ഐ.ഡി.സി.യുടെ സഹകരണത്തോടെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായമാരംഭിക്കുവാൻ വന്നിട്ടുള്ള വിദേശികളുടേയും പ്രവാസികളുടേയുമായ പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ഗ്രാമപഞ്ചായത്തുകളിൽ കെട്ടിടനികുതി നിർണ്ണയിക്കുന്നതിന്റെ മാനദണ്ഡം

13 (*388)ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ :

ശ്രീ. എം.കെ. മുനീർ :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ കെട്ടിട നികുതി നിർണ്ണയിക്കുന്നതിന്റെ മാനദണ്ഡം പുനർ നിർണ്ണയിച്ചിട്ടുണ്ടോ;

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(ബി) റവന്യൂ വകുപ്പു മുഖേന പിരിക്കുന്ന കെട്ടിട നികുതിയുടെ നിർണ്ണയവും പിരിവും ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയെ സഹായിക്കാൻ ഉദ്യോഗസ്ഥതലത്തിൽ എന്ത് സംവിധാനമാണുള്ളത്;

(ഡി) ഗ്രാമപഞ്ചായത്തുകളിൽ റവന്യൂ ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കാൻ ഉദ്ദേശമുണ്ടോ എന്ന് അറിയിക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) :

(എ) ഇല്ല.

(ബി) ഉണ്ട്. സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പു മുഖേന പിരിക്കുന്ന കെട്ടിട നികുതിയുടെ നിർണ്ണയവും പിരിവും ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കുവാനുള്ള നടപടിക്രമങ്ങൾ സർക്കാർ തലത്തിൽ എടുത്തു വരികയാണ്.

(സി) ധനകാര്യ കമ്മീഷൻ ശുപാർശകൾ നടപ്പിൽ വന്നതിനുശേഷം തീരുമാനിക്കുന്നതാണ്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

വ്യവസായ പ്രോത്സാഹന പദ്ധതിമൂലമുണ്ടാകുന്ന നേട്ടങ്ങൾ

14 (*389)ശ്രീ. പി.സി. ജോർജ്ജ് :
ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ.സി. ജോസഫ് :
ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വ്യവസായ പ്രോത്സാഹന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പദ്ധതിക്കു കീഴിൽ വ്യവസായ യൂണിറ്റുകൾക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ ലഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന സർക്കാർ എന്തു തുകയാണ് അനുവദിച്ചിരിക്കുന്നത്;

(ഇ) ഈ പദ്ധതി മൂലം വ്യവസായ വികസന രംഗത്തുണ്ടാവുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ വിവരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്.

(ബി)&(സി)

(1) സർക്കാർ 1998-ൽ പുതിയ വ്യവസായ നയവും ഇൻഫർമേഷൻ ടെക്നോളജി നയവും പ്രഖ്യാപിച്ചു.

LIBRARY ARCHIVES Kerala Legislative Assembly